കേരള സർക്കാർ

നം.ഉപ.സി.2/179/2019/ഉഭപവ

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര
(ഉപദേശ-സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 27-12-2022

അഡീഷണൽ ചീഫ് സെക്രട്ടറി

സർ,

വിഷയം:- ആശ്രിത നിയമന പദ്ധതിയുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി 10.01.2023 ഉച്ചയ്ക്ക് 2 PM ന് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ഓൺലൈൻ മീറ്റിംഗ് - സംബന്ധിച്ച്.

24.05.1999 ലെ സ.ഉ. (പി) നം.12/99/P& ARD - ലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് സംസ്ഥാനത്ത് ആശ്രിതനിയമനം നടത്തിവരുന്നത്. ആശ്രിത നിയമനം ഓരോ ജില്ലയിലും ഓരോ വകുപ്പിലും ഓരോ തസ്തികയിലും ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളുടെ 5% ത്തിൽ മാത്രമേ നടത്താവൂ എന്ന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നു. ഈ വിധിക്കെതിരെ സർക്കാർ നൽകിയ പുന:പരിശോധന ഹർജി ബഹു.ഹൈക്കോടതി തള്ളിയിട്ടുണ്ട്. ബഹു.ഹൈക്കോടതി വിധിക്കെതിരെ SLP ഫയൽ ചെയ്യുന്നതിന് scope ഇല്ല എന്ന് നിയമ വകുപ്പ് അറിയിച്ചിട്ടുണ്ട്. അതിനാൽ ബഹു.ഹൈക്കോടതി ഉത്തരവിനു അനുസൃതമായി മാത്രമേ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ആശ്രിത നിയമനം നടത്തുവാൻ കഴിയുകയുള്ളു.

മേൽ സാഹചര്യത്തിൽ, ആശ്രിതനിയമനം 5% മാത്രമായി പരിമിതപ്പെടുത്തുമ്പോൾ ആശ്രിത നിയമനം നൽകുന്നതിനായി നിലവിലുണ്ടാകുന്ന കാലതാമസം ഇനിയും കൂടാനും, പ്രശ്നം കൂടുതൽ ഗുരുതരാവസ്ഥയിലെത്താനും ഭാവിയിൽ എല്ലാ അപേക്ഷകർക്കും നിയമനം നൽകാൻ കഴിയാത്ത അവസ്ഥയുമുണ്ടാകും. ഈ അവസ്ഥ പരിഹരിക്കുന്നതിന്, ആശ്രിത

Revenue Friends

Scanned with CamScanner

നിയമനത്തിനായി സർക്കാർ ഉദ്യോഗസ്ഥർ മരണപ്പെട്ട് ഒരു വർഷത്തിനകം ലഭിക്കുന്ന നിയമനം സ്വീകരിക്കാൻ സമ്മതമുള്ള യോഗ്യരായ അപേക്ഷകർക്ക് അപ്രകാരവും, മറ്റെല്ലാ അപേക്ഷകർക്കും പത്ത് ലക്ഷം രൂപ Consolidated Amount - ആയി നൽകാനും സെക്രട്ടറിതല കമ്മിറ്റി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ, സർവ്വീസ് സംഘടനകളുമായി **10.01.2023, 2 PM** ന് ഓൺലൈനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ മീറ്റിംഗ് നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

കൂടാതെ, 4-ാം ശനിയാഴ്ചകൾ അവധി ദിവസമാക്കുന്നതിനുള്ള നിർദേശവും പ്രസ്തുത മീറ്റിംഗിൽ ചർച്ച ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത മീറ്റിംഗിൽ താങ്കൾ കൃത്യമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മീറ്റിംഗ് ലിങ്ക് ചുവടെ ചേർക്കുന്നു.

https://meet.google.com/brn-wgko-caq

വിശ്വസ്തതയോടെ,
**സ്നേഹലത.കെ**
**ഡെപ്യൂട്ടി സെക്രട്ടറി**
*അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി*

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

Scanned with CamScanner